# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **185/2026** തീയതി : **03/09/2026**

## <u>പത്രക്കുറിപ്പ്</u>

### <u>കേരളസർവകലാശാല</u>
### <u>ബിരുദ (FYUGP)പ്രവേശനം-2026</u>
### <u>സ്പോട്ട് അലോട്ട്മെന്റ്</u>

കേരള സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ നാലു വർഷ ബിരുദപ്രോഗ്രാമുകളിലേക്കുള്ള (2026-27 അധ്യയന വർഷം) സ്പോട്ട് അഡ്മിഷൻ അതാതു പഠനവകുപ്പുകളിൽ വച്ച് 07.09.2026 ന് നടത്തുന്നതാണ് .സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ രാവിലെ 11:00 മണിക്ക് അതാത് പഠനവകുപ്പുകളിൽ ഹാജരാക്കേണ്ടതാണ്.

സ്പോട്ട് അഡ്മിഷനുള്ള ഒഴുവുകൾ:

കെമിസ്ട്രി : SC - 1; ഹിന്ദി : ഓപ്പൺ മെറിറ്റ് -6, ഈഴവ -2, മുസ്ലിം - 1, SC -3, ST - 1, OBH -1, EWS -2; സംസ്കൃതം : ഓപ്പൺ മെറിറ്റ് -9, ഈഴവ -2, മുസ്ലിം - 1, SC -3, ST - 1, OBH -1, EWS -2; ഹിസ്റ്ററി : SC -2 ; മലയാളം: ഈഴവ -2, SC -3, ST - 1, OBH -1, EWS -2; ഇക്കണോമിക്സ്: SC - 1; ഇംഗ്ലീഷ് - SC - 2, മാത്തമാറ്റിക്സ്: ഓപ്പൺ മെറിറ്റ് -1,SC-3,ST-1, പൊളിറ്റിക്സ് :SC-1.

നിശ്ചിത സമയത്ത് ഹാജരാകാത്ത സംവരണ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അഭാവത്തിൽ, ഒഴിവുവരുന്ന സീറ്റുകൾ സംവരണ ചട്ടങ്ങൾക്കനുസൃതമായി മറ്റ് വിഭാഗങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾ അഡ്മിഷൻ പോർട്ടലിൽ (admissions.keralauniversity.ac.in) ലഭ്യമാണ്.

Email: cssfyugphelp2026@gmail.com,
Phone: 0471 2308328, Mobile: 9188524612

## <u>പരീക്ഷാഫലം</u>

കേരളസർവകലാശാല 2026 ജൂണിൽ നടത്തിയ എട്ടാം സെമസ്റ്റർ ബികോം ഹിയറിങ് ഇംപെയർഡ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 2026 സെപ്റ്റംബർ 14 വരെ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 സെപ്റ്റംബർ മാസത്തിൽ വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ എം.എസ്.സി. അനലിറ്റിക്കൽ കെമിസ്ട്രി, എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം

പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷ 2026 സെപ്റ്റംബർ 12 വരെ exams.keralauniversity.ac.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഓൺലൈൻ രജിസ്ട്രേഷൻ - തീയതി ദീർഘിപ്പിച്ചു

കേരളസർവകലാശാല 2026 സെപ്റ്റംബർ മാസം നടത്തുന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷന് അപേക്ഷിക്കാവുന്ന തീയതി പിഴ കൂടാതെ 2026 സെപ്റ്റംബർ 09 വരെയും 150/- രൂപ പിഴയോടെ 2026 സെപ്റ്റംബർ 14 വരെയും, 400/- രൂപ പിഴയോടെ 2026 സെപ്റ്റംബർ 16 വരെയും നീട്ടിയിരിക്കുന്നു.

## ടൈംടേബിൾ

കേരളസർവകലാശാല 2026 സെപ്റ്റംബർ 25 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2026 സെപ്റ്റംബറിൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ഡെസ് (ഫാഷൻ ഡിസൈൻ) പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ജിയോ സ്പേഷ്യൽ ഇൻഫോർമേഷൻ സയൻസ് ആന്റ് ടെക്നോളജിയിൽ അഡ്വാൻസ്ഡ് പി.ജി. ഡിപ്ലോമ ഇൻ ജിയോ ഇൻഫോർമേഷൻ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിലേക്കു (2026-27) അഡ്മിഷന് വേണ്ടിയുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യത : Post Graduate Degree in Geology (or any branch of Earth Science)/Geography/Environmental Science/Physics/Computer Science/Zoology/Botany/any branch of Life Sciences/Climate Science/Climate Change/Climate Change and Disaster Management/MCA/Environment Science and Disaster Management/Disaster Management

(55 ശതമാനത്തിൽ കുറയാത്ത മാർക്ക് നിർബന്ധം) അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2026 സെപ്റ്റംബർ 25. അഡ്മിഷൻ സംബന്ധിച്ച വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 9447103510, 9895666813. വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനും www.keralauniversity.ac.in സന്ദർശിക്കുക.

**വന്ദന മോഹൻദാസ്**
പബ്ലിക് റിലേഷൻസ് ഓഫീസർ
**E-mail:**ku.release@keralauniversity.ac.in

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**
***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**